പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 235 **28-10-2026-ൽ മറുപടിയ്ക്ക്**

ശ്രവണസഹായ ഉപകരണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. നജീബ് കാന്തപുരം
ശ്രീ. എം. എ. റസാഖ് മാസ്റ്റർ
ശ്രീ. പി. കെ. ഫിറോസ്
ശ്രീ. ടി. വി. ഇബ്രാഹിം

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ലിംബ്സ് മാനുഫാക്ചറിങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, കെൽട്രോൺ തുടങ്ങിയ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന ശ്രവണസഹായികൾ കുട്ടികളുടെ കേൾവിക്കുറവിന്റെ തോതിന് (40%, 60%, 90%, 100%) അനുസരിച്ചുള്ള പവറിലുള്ളവയല്ലെന്നും ഇത് കുട്ടികളുടെ സംസാരശേഷിയെയും ആശയവിനിമയ ശേഷിയെയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വലിയ തുക ചെലവഴിച്ച് വാങ്ങേണ്ടിവരുന്ന ശ്രവണസഹായികളുടെ വാറന്റി കാലയളവിനും സർവീസിങ്ങിനുമായി വരുന്ന അമിത ചെലവുകൾ മൂലം നിർധനരായ രക്ഷിതാക്കൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക ഫണ്ടോ ആനുകൂല്യങ്ങളോ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ;

മറുപടി: കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നിലവിൽ കെൽട്രോണിൽ നിന്നുമാണ് ശ്രവണ സഹായി വാങ്ങി വിതരണം ചെയ്ത് വരുന്നത്. കേൾവി പരിമിതർക്കായി വിതരണം ചെയ്യുന്ന ശ്രവണ സഹായികൾക്ക് കെൽട്രോൺ ഒരു വർഷത്തെ വാറന്റി നൽകി വരുന്നു.

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന 5 വയസ്സു വരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ റീഹാബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന ശ്രുതിതരംഗം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പത്ത് സർക്കാർ/സ്വകാര്യ ആശുപത്രികൾ മുഖാന്തിരം നടപ്പിലാക്കി വന്നിരുന്നു. നിലവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

ശ്രവണ സഹായികളുടെ വാറന്റി കാലയളവിന് ശേഷം അവയുടെ സർവീസിംഗുമായി ബന്ധപ്പെട്ട് നിർധനരായ രക്ഷിതാക്കൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

(സി) കേൾവി പരിമിതിയുള്ള കുട്ടികൾക്ക് നിലവിൽ നൽകിവരുന്ന സ്കോളർഷിപ്പ് തുക വർധിപ്പിക്കുന്നതിനും അവരുടെ സ്പീച്ച് തെറാപ്പി പരിശീലനച്ചെലവുകൾക്ക് ധനസഹായം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: കേൾവി പരിമിതിയുള്ള കുട്ടികൾക്ക് മാത്രമായി ധനസഹായം അനുവദിക്കുന്ന പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നില്ല. എന്നാൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന ചുവടെപ്പറയുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ കേൾവിപരിമിതിയുള്ള കുട്ടികൾക്കും ലഭ്യമാകുന്നുണ്ട്:

വിദ്യാജ്യോതി പദ്ധതി- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ ഒമ്പതാം ക്ലാസ് മുതൽ പി.ജി. തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പഠന അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി.

വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ്- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായവർക്ക് ഓപ്പൺ സ്കൂൾ / കോളേജ്, വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ ഡിഗ്രി തലത്തിലും പി.ജി. തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം പരമാവധി 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

മേൽപറഞ്ഞ പദ്ധതികളിൻ പ്രകാരം കേൾവി പരിമിതിയുള്ള കുട്ടികൾക്ക് നിലവിൽ നൽകി വരുന്ന സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും അവരുടെ സ്പീച്ച് തെറാപ്പി പരിശീലനച്ചെലവുകൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ചുമുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ഡി) കേൾവിപരിമിതിയുള്ള കുട്ടികളെയും നിരാമയ ഇൻഷുറൻസ് പോലുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഭിന്നശേഷി വിഭാഗങ്ങളായ ഓട്ടിസം, സെറിബൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവർക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ഇൻഷുറൻസ് പദ്ധതിയാണ് നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി. കേന്ദ്ര പദ്ധതിയായിരുന്നുവെങ്കിലും സംസ്ഥാനത്ത് പദ്ധതിക്കുള്ള ഗുണഭോക്തൃ പ്രീമിയം തുക മുഴുവനായും 2017 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് നൽകിയിരുന്നു. 2023 മുതൽ നിർത്തലാക്കിയിരുന്ന ടി പദ്ധതി 2025-26 വർഷം മുതൽ പുനരാരംഭിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ മാനദണ്ഡ പ്രകാരം പ്രസ്തുത പദ്ധതി നാല് വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ കേൾവിപരിമിതിയുള്ള കുട്ടികളെ ഇതിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ